➪ സെക്രട്ടേറിയറ്റിന് മുന്നിൽ വീണ്ടും ഒരു സമര സംവാദം ആരംഭിച്ചിരിക്കുകയാണ് ➪

2014 ജൂലൈ 9ന് സെക്രട്ടറിയറ്റ് പടിക്കൽ ആരംഭിച്ച നിൽപ്പ് സമരത്തിലൂടെ പൊതുസമൂഹവുമായി ഒരു സംവാദത്തിന് വേണ്ടി ആദിവാസികൾ വീണ്ടും ഭരണ സിരാകേന്ദ്രത്തിൽ എത്തിയിരിക്കുകയാണ്. മുത്തങ്ങ സമരം നടന്ന് പത്ത് വർഷം പിന്നിട്ടിട്ടും ആദിവാസി സമൂഹം ഉന്നയിച്ച ന്യായമായ ആവശ്യങ്ങളോട് പ്രതികരിക്കാൻ ഭരണകൂടം തയ്യാറാകാത്ത സാഹചര്യത്തിലാണ് പലവിധ പ്രക്ഷോഭങ്ങളുടെ തുടർച്ച എന്ന നിലയിൽ സമരം വീണ്ടും സെക്രട്ടേറിയറ്റ് പടിക്കൽ എത്തിയിരിക്കുന്നത്. മുത്തങ്ങയ്ക്ക് മുമ്പും ശേഷവുമുള്ള ആദിവാസി വഞ്ചനകളുടെ ചരിത്രത്തെ വീണ്ടും പൊതുസമൂഹത്തിന് മുന്നിൽ തുറന്നുവച്ചുകൊണ്ട് ആദിവാസികളുടെ മുൻകൈയിൽ സെക്രട്ടേറിയറ്റിന് മുന്നിൽ വീണ്ടും ഒരു സമര സംവാദം ആരംഭിച്ചിരിക്കുകയാണ്.

## നിൽപ്പ് സമരം:

# മുത്തങ്ങാനന്തര കേരളം മറുപടി പറയേണ്ട ചോദ്യങ്ങൾ

2001 ന് ശേഷം ആദിവാസികൾ വീണ്ടും സെക്രട്ടേറിയറ്റിന് മുന്നിൽ നീതിതേടി എത്തിയിരിക്കുന്നു. അവകാശനിഷേധത്തിന്റെയും പാർശ്വവത്കരണത്തിന്റെയും ചരിത്രം മുത്തങ്ങാനന്തരവും പിന്തുടരുന്നതിന്റെ പ്രതിഷേധവുമായി ആദിവാസി ഗോത്രമഹാസഭയുടെ മുൻകൈയിൽ അനിശ്ചിതകാല നിൽപ്പുസമരം തിരുനവനന്തപുരത്ത് തുടരുകയാണ്. ഒരുമാസത്തോളമായി നിൽപ്പ് തുടർന്നിട്ടും ഭരണകൂടം നിശബ്ദതപാലിക്കുന്ന സാഹചര്യത്തിൽ സമരത്തിന്റെ സാമൂഹിക പ്രാധാന്യത്തെ ചർച്ചയ്ക്ക് വച്ചുകൊണ്ട് ആദിവാസി സമൂഹം ജനപിന്തുണ തേടുകയാണ്.

**ആദിവാസി ഗോത്രമഹാസഭ**

**ചരിത്ര പശ്ചാത്തലം**

പട്ടികവർഗ്ഗക്കാരുടെ ദേശീയ സാഹചര്യത്തെക്കുറിച്ച് പഠിക്കാൻ നിയോഗിക്കപ്പെട്ട ധേബർ കമ്മീഷന്റെ നിർദ്ദേശം പരിഗണിച്ചുകൊണ്ടാണ് ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കാൻ 1975-ൽ കേരള നിയമസഭ ആദ്യമായി ഒരു നിയമം (KST Act, 1975) പാസ്സാക്കുന്നത്. ഈ നിയമം നടപ്പാക്കി കിട്ടാനുള്ള നീക്കമാണ് കേരളത്തിലെ ആദിവാസികളിൽ പുതിയ ഒരു മുന്നേറ്റത്തിന് തുടക്കം കുറിക്കുന്നത്. അതോടെ നിയമം റദ്ദാക്കാനും, ആദിവാസികളെ പാർശ്വവൽക്കരിക്കാനും രാഷ്ട്രീയസംവിധാനം ഒറ്റക്കെട്ടായി അണിനിരന്നു. സ്വകാര്യവനം ദേശസാൽക്കരിച്ചുകൊണ്ട് കേരള സർക്കാർ പാസ്സാക്കിയ നിയമത്തിൽ (Kerala Private Forest (Vesting & Assignment Act, 1971) ആദിവാസികളുടെ വനാവകാശം ഭാഗികമായി അംഗീകരിക്കപ്പെട്ടിരുന്നെങ്കിലും, പ്രസ്തുത നിയമവും കേരളത്തിൽ ചർച്ചചെയ്യപ്പെടാതെപോയി.

**ഭൂസമരങ്ങളുടെ രണ്ടുദശകം**

കേരളത്തിലെ ആദിവാസി സമൂഹത്തിന്റെ മുന്നേറ്റത്തിൽ 1990 മുതലുള്ള രണ്ടുദശകം സവിശേഷമായ ഘട്ടമായി കണക്കാക്കാം. ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കാനുള്ള നീക്കം തൊണ്ണൂറുകളുടെ തുടക്കത്തിൽ കേരളത്തിലെമ്പാടും ഉയർന്നുവന്നു. അതോടൊപ്പം, നിയമപരമായി ഭൂമിതിരിച്ച് കിട്ടാൻ മതിയായ രേഖകളില്ലാത്ത ഭൂരഹിതരായ ആ

ദിവാസികളെ പുനരധിവസിപ്പിക്കാനുള്ള പ്രക്ഷോഭങ്ങളും ശക്തമായി. 1990-ൽ നടന്ന സൗത്ത് ഇന്ത്യൻ ആദിവാസി ഫോറത്തിന്റെ സംഗമത്തിനുശേഷം, സി.കെ. ജാനുവിനെപ്പോലുള്ള പുതിയ നേതൃത്വങ്ങൾ ഉയർന്നുവന്നു. സി.കെ. ജാനുവിന്റെ നേതൃത്വത്തിൽ അമ്പുകുത്തി, കോളിക്കംപാളി, പനവല്ലി, ചീങ്ങേരി തുടങ്ങിയ സ്ഥലങ്ങളിൽ നടന്ന ഭൂസമരങ്ങൾ ശ്രദ്ധേയമായിരുന്നു. ഭൂമിയിലുള്ള അവകാശസ്ഥാപനത്തോടൊപ്പം, നിരാഹാര സമരങ്ങൾ ഉൾപ്പെടെയുള്ള സഹനസമരം പ്രക്ഷോഭത്തിന്റെ രീതിയായിമാറി. സ്ത്രീശക്തിയുടെ സാന്നിധ്യവും പ്രക്ഷോഭങ്ങളുടെ പ്രത്യേകതയായിരുന്നു. ഞെട്ടിപ്പിക്കുന്ന കണക്കുകളും യാഥാർത്ഥ്യങ്ങളുമാണ് അന്യാധീനപ്പെട്ട ആദിവാസി ഭൂമി തിരിച്ചെടുക്കാനുള്ള 1975ലെ നിയമം വിവാദമായതോടെ പുറത്തുവന്നത്. ട്രൈബൽ ഡവലപ്മെന്റ് വകുപ്പ് നടത്തിയ വിശദമായ സർവ്വെയിൽ നിന്നും വ്യക്തമായത് 1960 നുശേഷം അട്ടപ്പാടി ബ്ലോക്കിൽ മാത്രം 10,000 ഹെക്ടറിലധികം ആദിവാസി ഭൂമി അന്യാധീനപ്പെട്ടു എന്നതാണ്. വ്യാജമായ രേഖകൾ നിർമ്മിച്ചും, പ്രലോഭിപ്പിച്ചും, ആദിവാസികളെ കബളിപ്പിച്ചും ഭൂമി തട്ടിയെടുത്ത കേസുകളാണ് ഏറെയും.

**അന്യാധീനപ്പെട്ട ആദിവാസി ഭൂമി**

കേരളത്തിലെ ആദിവാസികളുടെ ഭൂമി സംരക്ഷിക്കാനുള്ള ഒരേ ഒരു നിയമം 1975 ലേത് മാത്രമാണ്. എന്നാൽ നിയമത്തിന് ചട്ടങ്ങളുണ്ടാക്കിയത് 1986ൽ മാത്രം. നിയമമനുസരിച്ച് നിരവധിപേർ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുകിട്ടാൻ അപേക്ഷ നൽകിയെങ്കിലും, 4000-ൽ ഏറെ പേരുടെ അപേക്ഷകൾ മാത്രമെ വ്യവഹാരത്തിന്റെ പരിഗണനയിൽ കൊണ്ടുവന്നുള്ളു. ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർമാർ ഭൂമി തിരിച്ചെടുത്ത് നൽകാനുള്ള നടപടിക്രമം പൂർത്തീകരിച്ചിട്ടും സർക്കാർ തുടർനടപടി എടുത്തില്ല. 1993-ൽ പൗരാവകാശ പ്രവർത്തകനായ ഡോ. നല്ലതമ്പി തേര ഹൈക്കോടതിയെ സമീപിച്ചു. നിയമാനുസൃതം ഭൂമി തിരിച്ചെടുത്തുകൊടുക്കാൻ കോടതി ഉത്തരവിട്ടു. തുടർന്ന് 1975-ലെ നിയമം മറികടക്കാൻ കേരള സർക്കാർ 1996-ൽ ഒരു ഭേദഗതി ഓർഡിനൻസ് കൊണ്ടുവന്നു. ഓർഡിനൻസ് ഇന്ത്യൻ പ്രസിഡന്റ് തിരിച്ചയച്ചു. ഇടതു-വലതു പ്രസ്ഥാനങ്ങൾ ഒറ്റക്കെട്ടായി ദേശീയതലത്തിൽ കൊണ്ടുപോയ ഒരേ ഒരു വിഷയം ആദിവാസികളുടെ ഭൂമി സംരക്ഷിക്കാനുള്ള നിയമം റദ്ദാക്കുക എന്ന ആവശ്യമാണ്. 1996ലെ ഭേദഗതിനിയമം പരാജയപ്പെട്ടപ്പോൾ 1999ലെ ഇടതുപക്ഷ സർക്കാർ മറ്റൊരു ഭേദഗതി നിയമം കൊണ്ടുവന്നു. കയ്യേറ്റക്കാർ കൈവശം വെക്കുന്ന ആദിവാസി ഭൂമിക്ക് 5 ഏക്കർ വരെ സാധുത നൽകി പകരം ഭൂമി സർക്കാർ നൽകാനും, 5 ഏക്കറിൽ കൂടുതൽ ഉള്ളത് തിരിച്ചുപിടിച്ച് നൽകാനുമായിരുന്നു ഭേദഗതി നിർദ്ദേശിച്ചിരുന്നത്. അതൊടൊപ്പം, 1975ലെ നിയമം റദ്ദാക്കാനും പുതിയ നിയമം നിർദ്ദേശിച്ചു. ഇടതു-വലതു പാർട്ടികൾ ഒറ്റക്കെട്ടായി നിയമം പാസ്സാക്കി. ഗൗരിയമ്മ മാത്രം നിയമത്തെ എതിർത്തു. 1999-ലെ നിയമഭേദഗതി ഡോ. നല്ലതമ്പി തേരയും, പി.യു.സി.എൽ തുടങ്ങിയ സംഘടനകളും, ആദിവാസികളും ഹൈക്കോടതിയിൽ ചോദ്യം ചെയ്തു. നിയഭേദഗതി ഭരണഘടനാ വിരുദ്ധമാണെന്ന് ഹൈക്കോടതി പ്രഖ്യാപിച്ചു. കേരള സർക്കാർ സ്പെഷ്യൽ ലീവ് പെറ്റീഷനുമായി സുപ്രീംകോടതിയെ സമീപിച്ചു. സർക്കാർ സുപ്രീംകോടതിയെ സമീപിക്കുന്നതുവരെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുകിട്ടാൻ കേരളത്തിൽ ഒരു ദശകം നീണ്ടുനിന്ന പ്രക്ഷോഭം നടന്നു. 2009-ൽ ഭേദഗതി നിയമം ഭാഗികമായി അംഗീകരിച്ചുകൊണ്ട് സുപ്രീംകോടതി വിധിയുണ്ടായി. എന്നാൽ രാഷ്ട്രീയ പാർട്ടികൾ സംയുക്തമായി അംഗീകരിച്ച ഭേദഗതിനിയമമോ, സുപ്രീംകോടതി നിർദ്ദേശങ്ങളോ നാളിതുവരെ നടപ്പാക്കിയിട്ടില്ല.

**പട്ടിണിമരണങ്ങളും ഉയർത്തെഴുന്നേൽപ്പും**

1975ലെ നിയമം അട്ടിമറിക്കുന്നതോടെ കേരളത്തിലെ ആദിവാസി ഭൂസമരം അവസാനിക്കും എന്നാണ് ഭരണവർഗ്ഗങ്ങൾ വിശ്വസിച്ചിരുന്നത്. എന്നാൽ കൂടുതൽ വ്യാപ്തിയോടെ ആദിവാസി ഭൂസമരം ശക്തിപ്പെടുകയാണുണ്ടായത്. സി.കെ. ജാനുവിന്റെ നേതൃത്വത്തിൽ നടന്ന ഭൂസമരങ്ങൾക്ക് ഭൂരഹിതരുടെയും ദളിതരുടെയും ജനാധിപത്യവിശ്വാസികളുടെയും വിശാലമായും പിന്തുണ ലഭിച്ചുതുടങ്ങി. 1997-98 കാലഘട്ടത്തിൽ ആരംഭിച്ച കണ്ണൂർ ജില്ലയിലെ തിരുവോണപ്പുറം-ആറളം ഭൂസമരം, തുടർന്ന് കുണ്ടളയിലും അട്ടപ്പാടിയിലെ തൂവൈപ്പതിയിലും നടന്ന ഭൂസമരം തുടങ്ങിയവയെല്ലാം ഭൂസമരപ്രസ്ഥാനങ്ങളെ സമഗ്രമായ രൂപത്തിൽ അവതരിപ്പിച്ചുതുടങ്ങി. 1999-2000 കാലഘട്ടത്തിൽ കേരളത്തിലെമ്പാടും ആദിവാസി മേഖലയിൽ ഉണ്ടായ പട്ടിണിമരണം അതിശക്തമായ ഒരു ഉയർത്തെഴുന്നേൽപ്പിന് കളമൊരുങ്ങി. 157 ആദിവാസികൾ പട്ടിണിമരണത്തിന് വിധേയമായി എന്നാണ് കണക്കാക്കപ്പെടുന്നത്. 'സ്വന്തം മണ്ണിൽ അഭയാർത്ഥികളാകാൻ വിധിക്കപ്പെട്ടവരല്ല ആദിവാസികൾ' എന്ന പ്രഖ്യാപനവുമാ




യി നൂറുകണക്കിന് ആദിവാസികൾ സെക്രട്ടറിയറ്റ് പടിക്കലും മുഖ്യമന്ത്രിയുടെ വീട്ടുപടിക്കലും കുടിൽകെട്ടി സമരം നടത്തി. 2001 ആഗസ്റ്റ് 29 ന് തുടങ്ങിയ പ്രക്ഷോഭം ഒക്ടോബർ 16 വരെ നീണ്ടുനിന്നു. 'പട്ടിണിമരണത്തിന് അറുതിവരുത്താൻ കൃഷിഭൂമി നൽകി പുനരധിവസിപ്പിക്കുക' എന്നതായിരുന്നു ആവശ്യം. കേരള സർക്കാരിന്റെ ലഭ്യമായ റവന്യൂഭൂമി, പ്ലാന്റേഷൻ കോർപ്പറേഷൻ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങൾ കൈവശം വെയ്ക്കുന്ന എസ്റ്റേറ്റ് ഭൂമി, ആദിവാസി പ്രോജക്ടുകൾ, ടാറ്റാ-ഹാരിസൺ തുടങ്ങിയ വൻകിടക്കാർ അനധികൃതമായ കൈവശം വെയ്ക്കുന്ന ഭൂമി, വനഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിന് നടപ്പാക്കിയ 1971ലെ നിയമമനുസരിച്ച് കൊടുക്കാവുന്ന വനഭൂമി തുടങ്ങിയ മേഖലകളിൽ നിന്നും കണ്ടെത്താവുന്ന ഭൂമിയുടെ കണക്കാണ് ഭൂരഹിതരെ പുനരധിവസിപ്പിക്കാനുള്ള സാധ്യതകളായി ചൂണ്ടിക്കാട്ടിയത്. പ്രക്ഷോഭം തകർക്കാൻ സർക്കാർ ശ്രമിച്ചെങ്കിലും, ആദിവാസികൾ ഒറ്റക്കെട്ടായി ഉയർത്തെഴുന്നേറ്റു. കേരളത്തിലെ വൈവിധ്യമാർന്ന ഗോത്രവർഗ്ഗ വിഭാഗങ്ങളെ ഒരുകുടക്കീഴിൽ കൊണ്ടുവന്ന 'ആദിവാസി ഗോത്രമഹാസഭ' എന്ന പ്രസ്ഥാനവും രൂപംകൊണ്ടു. ഭരണകൂടത്തിന്റെ അധാർമ്മികതയെ വിചാരണയ്ക്ക് വിധേയമാക്കിയ പ്രക്ഷോഭത്തിന് പൗരസമൂഹത്തിന്റെ പൂർണ്ണമായ പിന്തുണ കിട്ടി. 2001 ഒക്ടോബർ 16ന് സർക്കാർ ചില ഒത്തുതീർപ്പ് വ്യവസ്ഥകളുണ്ടാക്കിയതോടെ പ്രക്ഷോഭം അവസാനിപ്പിച്ചു.

**മുത്തങ്ങയിലെ ഭീകരത**

2001-ൽ സർക്കാർ അംഗീകരിച്ച വ്യവസ്ഥകൾ നടപ്പാക്കാൻ ആദിവാസി പുനരധിവാസമിഷൻ (Tribal Resettlement & Development Mission) എന്ന സംവിധാനം നിലവിൽ വരികയും, ആദിവാസികൾക്ക് ഭൂമി നൽകി പുനരധിവസിപ്പിക്കുന്നത് പട്ടികവർഗ്ഗ ഉപപദ്ധതിയുടെ ഭാഗമായി മാറുകയും ചെയ്തിരുന്നു. 2002 ജനുവരി ഒന്നുമുതൽ പദ്ധതി നടപ്പാക്കിത്തുടങ്ങി. ഇടുക്കി ജില്ലയിലെ മറയൂർ, കുണ്ടള, ചിന്നക്കനാൽ, പൂപ്പാറ തുടങ്ങിയ സ്ഥലങ്ങളിലും കണ്ണൂർ ജില്ലയിലെ ചാവശ്ശേരി, കൊല്ലം ജില്ലയിലെ കുരിയോട്ടുമല തുടങ്ങിയ സ്ഥലങ്ങളിലും പുനരധിവാസം ആരംഭിച്ചു. ഒരു മിഷൻ മാതൃകയിൽ ആരംഭിച്ച പുനരധിവാസ പദ്ധതി ദുർബ്ബലപ്പെടുത്താൻ സർക്കാരിന്റെ ഉള്ളിൽ വനം റവന്യൂ വകുപ്പും ചില ഭരണകക്ഷി അംഗങ്ങളും ശക്തമായി ശ്രമിച്ചപ്പോൾ, സർക്കാരിന് പുറത്ത് ഇടതുപക്ഷ പ്രസ്ഥാനവും രംഗത്തുവന്നു. ഈ സാഹചര്യത്തിലാണ് ഭൂമിയിലുള്ള അവകാശസ്ഥാപന സമരത്തിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ ആറളം ഫാം, വയനാട്ടിലെ മുത്തങ്ങ തുടങ്ങിയ സ്ഥലങ്ങളിൽ ഭൂസമരത്തിന് തുടക്കം കുറിക്കുന്നത്. 2003 ജനുവരി 3ന് നൂറുകണക്കിന് ആദിവാസികൾ വനഭൂമിയിലുള്ള അവകാശം ഉന്നയിച്ച് മുത്തങ്ങ വനഭൂമിയിൽ കുടിൽകെട്ടി. മുത്തങ്ങ വനഭൂമിയിലെ 28-ഓളം ആദിവാസി സങ്കേതങ്ങളിൽ ഭരണഘടനയും, നിലവിലുള്ള നിയമങ്ങളും അനുശാസിക്കുന്ന ആദിവാസി ഗ്രാമസഭകളാണ് രൂപംകൊണ്ടത്. എന്നാൽ 2003 ഫെബ്രുവരി 19ന് പരിസ്ഥിതി പുനഃസ്ഥാപനവും ആദിവാസി സ്വയംഭരണവും സ്വപ്നംകണ്ട ആദിവാസികളുടെ കുടിലുകളും വനഭൂമിയും അഗ്നിക്കിരയാക്കി. 1000-ത്തോളം വരുന്ന ആദിവാസികളെ ജയിലിലടക്കുകയും, മൃഗീയമായ അതിക്രമത്തിനിരയാക്കുകയും ചെയ്ത ഭരണാധികാരികൾ, ഒരു ദശകം കഴിഞ്ഞിട്ടും നൂറുകണക്കിന് ആദിവാസികളെ കുറ്റവാളികളായി മുദ്രകുത്തി വിചാരണ നടപടിക്ക് വിധേയരാക്കിക്കൊണ്ടിരിക്കുന്നു.

**മുത്തങ്ങാനന്തര കേരളം**

ജന്മിത്തബോധവും, പാശ്ചാത്യ മാനേജ്മെന്റ് മനശ്ശാസ്ത്രവും, മാഫിയാ താൽപര്യവും സമന്വയിപ്പിച്ച ഒരു മലയാളി അധികാര രാഷ്ട്രീയ കടന്നാക്രമണായിരുന്നു മുത്തങ്ങയിൽ കണ്ടത്. ആദിവാസികൾ, ദലിതർ തുടങ്ങിയ

പാർശ്വവൽക്കരിക്കപ്പെട്ടവരെ കേൾക്കാനുള്ള ജനാധിപത്യ സാധ്യതകളെ കൊട്ടിയടക്കുമെന്നും, അവരുടെ പൊതുധാരാ പ്രവേശനത്തിനുള്ള കതകുകൾ കൊട്ടിയടക്കുമെന്നും ഈ ആക്രമണത്തിലൂടെ സന്ദേശം നൽകി. ജന്മിയുടെ കുടികിടപ്പുകാരനായ കീഴാളനെ കുടിയിറക്കി വിടുമ്പോഴുള്ള മനുഷ്യാവാകശ പ്രതികരണത്തിനപ്പുറം കേരളത്തിലെ പൗരസമൂഹവും ഇടതുപക്ഷ മനസും മുത്തങ്ങ സംഭവത്തിന് രാഷ്ട്രീയ പ്രാധാന്യം കല്പിച്ചതായി കാണുന്നില്ല. ആദിവാസി ക്ഷേമപ്രവർത്തനങ്ങളിൽനിന്നും സർക്കാർ പിന്മാറി ആദിവാസി ഭൂമി, സ്വയംഭരണം, വനാവകാശം എന്നീ കാര്യങ്ങളിൽ പൊതുസമൂഹത്തിന്റെ നിഷ്ക്രിയത്വം ലക്ഷ്യംവെച്ച ഭരണകൂട നടപടി വലിയൊരളവുവരെ വിജയിച്ചു. അതിപ്പോഴും തുടരുന്നു. എങ്കിലും, അതിജീവനസമരങ്ങൾ അനുസ്യൂതം തുടരുകയാണ്. ചെങ്ങറ സമരം, അരിപ്പ സമരം, ആറളം സമരം എന്നിങ്ങനെ പൊതുസമൂഹവുമായി കേരളത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവർ സംവദിച്ചുകൊണ്ടിരിക്കുന്നു. മുത്തങ്ങ സംഭവത്തിന് ശേഷം കേരളത്തിലെ ആദിവാസി പുനരധിവാസത്തിന് ഒരു ഘട്ടത്തിൽ വേഗത കൈവരിക്കുകയുണ്ടായി. കേരളത്തിലെ ആദിവാസികളെ പുനരധിവസിപ്പിക്കാൻ കേന്ദ്രത്തിൽനിന്നും 19,6000 ഏക്കർ ഭൂമി ലഭിച്ചു; 7500 ഏക്കർ വരുന്ന ആറളം ഫാം കേന്ദ്രം വിലയ്ക്ക് നൽകി; മുത്തങ്ങ സമരത്തിന്ശേഷം ദേശീയതലത്തിൽ വനാവകാശനിയമം നിലവിൽവന്നു. എന്നാൽ കേരള സർക്കാർ പുതിയ സാധ്യതകളെ ബോധപൂർവ്വം തിരസ്കരിക്കുന്നു. കേരളത്തിലെ ആദിവാസികൾ മൂന്ന് മേഖലയിലെ പ്രശ്നങ്ങൾക്ക് ഉത്തരം കാണേണ്ടതുണ്ട്. അന്യാധീനപ്പെട്ട ഭൂമി തിരിച്ചു കിട്ടാനുള്ള നിയമപരമായ നടപടി; ഭൂരഹിതരെ പുനരധിവസിപ്പിക്കൽ; വനാവകാശ നിയമനുസരിച്ച് വനഭൂമിയിലുള്ള അവകാശം സ്ഥാപിക്കൽ എന്നിവയാണത്. ഈ വിഷയങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഭരണകൂടവുമായുള്ള ഒരു സംവാദമാണ് നിൽപ്പ് സമരത്തിന്റെ ലക്ഷ്യം.

**എന്തുകൊണ്ട് നിൽപ്പ് സത്യാഗ്രഹം?**

2000ലെ കുടിൽകെട്ടൽ സമരത്തിന്റെ പര്യാവസാനത്തിൽ ആദിവാസികൾക്ക് ചില ഉറപ്പുകൾ നൽകിയതായി ഏവർക്കുമറിയാം. ഒരു ജനാധിപത്യ സമൂഹത്തിൽ ഭരണാധികാരികൾ നൽകിയ ഉറപ്പുകൾ, കരാറുകൾ, ഉത്തരവുകൾ, വിജ്ഞാപനങ്ങൾ എന്നിവ പാലിക്കാനുള്ളതാണ്. അത് പാലിക്കുന്നത് ജനാധിപത്യമര്യാദയാണ് ഭരണം എല്ലാവർക്കും വേണ്ടിയാകണം. ആദിവാസികൾ ദുർബ്ബലമായതുകൊണ്ട് മാത്രം അവർക്കുവേണ്ടി സൽഭരണം വേണ്ടെന്ന് കരുതുന്നത് സാമാന്യ നീതിക്ക് നിരക്കുന്നതല്ല. 2000-ലെ ആദിവാസി കരാറനുസരിച്ച് ചില വ്യവസ്ഥകളുണ്ടാക്കിയിരുന്നു. കേരളത്തിലെ മുഴുവൻ ഭൂരഹിതരെ പുനരധിവസിപ്പിക്കും, പുനരധിവാസം ഒരു മിഷൻ മാതൃകയിൽ നടപ്പാക്കും, ആദിവാസി ഭൂമി സംരക്ഷിക്കാൻ ഭരണഘടനയുടെ 6-ാം പട്ടികയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ മേഖല പ്രഖ്യാപിക്കും. ഭൂരഹിതരെ പുനരധിവസിപ്പിക്കാൻ വനഭൂമി പതിച്ചു നൽകും. പട്ടിണി മരണം തടയാൻ തൊഴിലും വരുമാനവും ഉറപ്പാക്കും, അന്യാധീനപ്പെട്ട ഭൂനിയമവുമായി ബന്ധപ്പെട്ട സുപ്രീംകോടതിവിധി മാനിക്കും. ഒരു ദൗത്യസംഘം (മിഷൻ മാതൃകയിൽ) നടപ്പാക്കുന്ന പുനരധിവാസ പദ്ധതിയിൽ ആദിവാസികളെ പങ്കാളികളാക്കും തുടങ്ങിയ വ്യവസ്ഥകൾ അംഗീകരിച്ചിരുന്നു. എന്നാൽ ഇപ്പോൾ പുനരധിവാസം അവസാനിപ്പിച്ച മട്ടാണ്. പുനരധിവസിപ്പിക്കാൻ കേന്ദ്രസർക്കാർ നൽകിയ വനഭൂമിയിൽ (പൂക്കോട്ട് വനഭൂമിയിൽ) വനനിയമങ്ങൾ ലംഘിച്ച് വെറ്റിനറി യൂണിവേഴ്സിറ്റിയുടെ നിർമ്മാണ പ്രവർത്തനം നടക്കുന്നു; വംശഹത്യയെ നേരിടുന്ന അട്ടപ്പാടിയിൽ ശിശുമരണം തുടർക്കഥയാകുന്നു; മുത്തങ്ങയിലെ ആദിവാസികൾ നീതിക്ക്വേണ്ടി കോടതികൾ കയറുന്നു.

**സമരം ഉന്നയിക്കുന്ന ആവശ്യങ്ങൾ**

ആദിവാസി ഊര് ഭൂമി സംരക്ഷിക്കാൻ പട്ടികവർഗ്ഗ മേഖല പ്രഖ്യാപിക്കുക. പഞ്ചായത്ത് രാജ് വ്യവസ്ഥകൾ (പട്ടികവർഗ്ഗമേഖലയിലേക്ക് വ്യാപിപ്പിക്കൽ) നിയമം 1996 നടപ്പാക്കി ആദിവാസി ഗ്രാമസഭകൾ പ്രവർത്തനക്ഷമമാക്കുക. ഭരണഘടനയുടെ 244-ാം വകുപ്പനുസരിച്ച് കേരളത്തിലെ ആദിവാസിമേഖലകൾ 5-ാം പട്ടികയിൽ ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്തിട്ടില്ല. വടക്കുകിഴക്കൻ മേഖല ഒഴികെയുള്ള എല്ലാ ആദിവാസിമേഖലകളേയും 5-ാം പട്ടികയിലുൾപ്പെടുത്താൻ 1976-ൽ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 5-ാം പട്ടികവർഗ്ഗ പ്രദേശങ്ങൾക്ക് വേണ്ടിയുള്ള വ്യക്തമായ ഭരണരൂപം (ആദിവാസി ഗ്രാമസഭകൾ) അംഗീകരിച്ചുകൊണ്ട് പഞ്ചായത്ത്രാജ് വ്യവസ്ഥകൾ പട്ടികവർഗ്ഗമേഖലയിലേക്ക് വ്യാപിപ്പിക്കാൻ നിയമം - (Provisions of Panchayaths (Extension to the Scheduled Areas) Act, 1996) പാർലമെന്റ് പാസ്സാക്കിയിട്ടുമുണ്ട്. കൂടാതെ, പട്ടികവർഗ്ഗക്കാരും മറ്റ് വനവാസികളും (വനാവനാശം അംഗീകരിക്കൽ) നിയമം, 2006 അനുസരിച്ച് ആദിവാ

സി മേഖലകൾക്ക് പ്രത്യേക ഊരുകൂട്ടങ്ങൾക്ക് ഗ്രാമസഭാ പദവി നൽകാൻ സർക്കാർ തീരുമാനിച്ചു കഴിഞ്ഞിട്ടുമുണ്ട്. ആദിവാസികളുടെ ഭൂമിയും സംസ്കാരവും സംരക്ഷിക്കാൻ ഭരണഘടനയുടെ 244-ാം വകുപ്പ് അംഗീകരിക്കാനും വ്യക്തമായ ഒരു നിയമ നിർമ്മാണം നടപ്പാക്കാനും സർക്കാർ തയ്യാറാകണം.

**അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കുക**

1999-ലെ ഭേദഗതി നിയമം ഭാഗികമായി അംഗീകരിച്ചുകൊണ്ട് 2009-ൽ സുപ്രീംകോടതി വിധിയുണ്ടായി. എന്നാൽ അടിസ്ഥാന നിയമമോ, രാഷ്ട്രീയപാർട്ടികൾ സംയുക്തമായി അംഗീകരിച്ച ഭേദഗതി നിയമമോ നാളിതുവരെ നടപ്പാക്കിയില്ല. വ്യക്തമായ ഭൂസംരക്ഷണ നിയമത്തിന്റെ അഭാവത്തിൽ 2001 ലെ ആദിവാസി പുനരധിവാസ മിഷൻ പദ്ധതി അനുസരിച്ച് ഭൂമി പതിച്ചുനൽകിയ കുണ്ടള-മറയൂർ-ചിന്നക്കനാൽ തുടങ്ങിയ മേഖലകളിലും അട്ടപ്പാടിയിലും വ്യാപകമായ ഭൂമി കയ്യേറ്റം തുടരുകയാണ്. സർക്കാർ സംവിധാനം കയ്യേറ്റത്തിനെതിരെ കണ്ണടയ്ക്കുകയോ സാധൂകരണം നൽകുകയോ ചെയ്യുകയാണ്. വനാവകാശം അംഗീകരിക്കുന്ന ഭൂമിയിലും കയ്യേറ്റം നടക്കുന്നുണ്ട്. ഭൂമികയ്യേറ്റം തടയാൻ ഭരണഘടന പരിരക്ഷയുള്ള നിയമം അനിവാര്യമാണ്. അതോടൊപ്പം അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുത്ത് കൊടുക്കാനുള്ള സർക്കാർ നടപടി ഉണ്ടാകണം.

> വ്യക്തമായ ഭൂസംരക്ഷണ നിയമത്തിന്റെ അഭാവത്തിൽ 2001 ലെ ആദിവാസി പുനരധിവാസ മിഷൻ പദ്ധതി അനുസരിച്ച് ഭൂമി പതിച്ചുനൽകിയ കുണ്ടള-മറയൂർ-ചിന്നക്കനാൽ തുടങ്ങിയ മേഖലകളിലും അട്ടപ്പാടിയിലും വ്യാപകമായ ഭൂമി കയ്യേറ്റം തുടരുകയാണ്. സർക്കാർ സംവിധാനം കയ്യേറ്റത്തിനെതിരെ കണ്ണടയ്ക്കുകയോ സാധൂകരണം നൽകുകയോ ചെയ്യുകയാണ്.

**മിഷൻ മാതൃകയിൽ പുനരധിവാസം**

ആദിവാസി കരാർ വ്യവസ്ഥകൾ താഴെ പറയും വിധമാണ്. (എ) ഭൂരഹിതരായ മുഴുവൻ ആദിവാസികൾക്കും ഭൂമിയുടെ ലഭ്യതയനുസരിച്ച് 1 ഏക്കർ മുതൽ 6 ഏക്കർ വരെ ഭൂമി നൽകും. സുഗന്ധഗിരി പോലുള്ള പ്രോജക്ടുകൾ പിരിച്ചുവിട്ട് 6 ഏക്കർ ഭൂമി നൽകും. (ബി) കൃഷിയിൽനിന്നും വരുമാനമുണ്ടാകുന്നതുവരെ തൊഴിലും വരുമാനവും ഉറപ്പാക്കാനുള്ള സാമ്പത്തിക സഹായം സർക്കാർ നൽകും. (സി) അന്യാധീനപ്പെട്ട ഭൂമി കൈമാറ്റ നിയന്ത്രണം അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കൽ നിയമം (KST Act 1995) സുപ്രീം കോടതി വിധിക്കനുസരിച്ചായിരിക്കും. ആദിവാസികളുടെ കൈവശം ഇപ്പോഴുള്ള ഭൂമിയും, പുതുതായി പതിച്ചുകൊടുക്കുന്ന ഭൂപ്രദേശങ്ങളും പട്ടികവർഗ്ഗമേഖലയായി പ്രഖ്യാപിക്കുകയും, ഭൂമി സംരക്ഷിക്കാൻ നിയമനിർമ്മാണം നടത്തുകയും ചെയ്യും. (ഇ) പുനരധിവാസം ഒരു മിഷൻ മാതൃകയിൽ നടപ്പാക്കും, മാസ്റ്റർ പ്ലാൻ തയ്യാറാക്കും. (എഫ്) പദ്ധതിയിൽ ആദിവാസികളുടെ പങ്കാളിത്തം ഉറപ്പാക്കും. (ജി) ഭൂരഹിതരുടെ ആധിക്യം പരിഗണിച്ച്. കേന്ദ്രസർക്കാർ/സുപ്രീം കോടതി അനുമതിയോടെ നിക്ഷിപ്ത വനഭൂമി പതിച്ചുനൽകും. കേരളത്തിലെ പ്ലാനിംഗിന്റെ ഭാഗമായി (പട്ടികവർഗ്ഗ ഉപപദ്ധതി) നിരവധി സർക്കാർ ഉത്തരവുകൾ ഇറങ്ങി ഏതാണ്ട് രണ്ട് വർഷത്തോളം പദ്ധതി ഫലപ്രദമായി നീങ്ങിയെങ്കിലും 2006ന് ശേഷം മന്ദഗതിയിലായി. ബഡ്ജറ്റിൽ ശരാശരി 20 കോടി രൂപയോളം വകയിരുത്തുന്നുണ്ടെങ്കിലും പുനരധിവാസ പദ്ധതി ഇപ്പോൾ മരവിപ്പിച്ച മട്ടിലാണ്.

**പുനരധിവാസ പദ്ധതിയുടെ സ്ഥിതി**

2004ന് ശേഷം പുനരധിവാസത്തിന് വേണ്ടി ഭൂമി ഏറ്റെടുത്തില്ല. ഇതുവരെ 6777 കുടുംബങ്ങൾക്ക് ഭൂമി നൽകി. 52,000 ഭൂരഹിത കുടുംബങ്ങൾ ഉണ്ടെന്നാണ് കണക്കാക്കിയിരുന്നത്. മുത്തങ്ങ സംഭവത്തിന്ശേഷം, കേന്ദ്രസർക്കാരിനോടാവശ്യപ്പെട്ട വനഭൂമി പതിച്ചുനൽകാൻ സുപ്രീംകോടതി അനുമതി നൽകിയിട്ടും വനഭൂമി പതിച്ചുനൽകുന്നില്ല. 30,000 ഏക്കർ വനഭൂമിയാണ് ആവശ്യപ്പെട്ടത്. വ്യവസ്ഥകളോടെ 19,600 ഏക്കറിന് അനുമതി നൽകി. കർക്കശമായ വ്യവസ്ഥകളോടെയാണ് ഭൂമി നൽകാൻ കേന്ദ്ര സർക്കാരും സുപ്രീംകോടതിയും അനുമതി നൽകിയതെങ്കിലും നിയമവിരുദ്ധമായി മറ്റ് ആവശ്യങ്ങൾക്ക് വകമാറ്റാൻ സർക്കാർ തീരുമാനമെടുത്തു. സുപ്രീം കോടതിയുടെ മേൽനോട്ടത്തിലുള്ള വനഭൂമിയിലാണ് വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽ വെറ്റിനറി യൂണിവേഴ്സിറ്റി പണിയുന്നത്.

ആറളം പോലുള്ള (7500 ഏക്കർ ഭൂമി വിലക്കുവാങ്ങി നടപ്പാക്കിയ ഏഷ്യയിലെ ബൃഹത് പദ്ധതി) മേഖലയിൽ പോലും ഒരു മാസ്റ്റർപ്ലാനില്ല. ഉദ്യോഗസ്ഥരില്ല. ആറളം ഫാമിലെ പകുതി ഭൂമി (3200 ഏക്കറോളം) ആദി

വാസികളുടെ ക്ഷേമത്തിനായി തൊഴിൽ, കാർഷികവൃത്തി തുടങ്ങിയ പ്രവർത്തനങ്ങൾ നടത്താൻ പൊതുമേഖലകമ്പനിയായി നിലനിർത്തും എന്ന് തീരുമാനിച്ചിരുന്നു. ഇപ്പോൾ ഇതൊരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയായി മാറ്റിയിരിക്കയാണ്. 1500 ഏക്കറോളം ഭൂമിയിൽ നിയമവിരുദ്ധമായ പാട്ടവും കയ്യേറ്റവുമായി സ്വകാര്യവ്യക്തികൾ വിഷമാലിന്യങ്ങൾ ഉപയോഗിക്കുന്ന പൈനാപ്പിൾ കൃഷിചെയ്യുന്നു. പട്ടികവർഗ്ഗ വകുപ്പിന് കീഴിലുള്ള കമ്പനി പ്രതിവർഷം 5 കോടി നഷ്ടമുണ്ടാക്കുകയും ചെയ്യുന്നു. വന്യജീവികളായ കാട്ടാനകളെയും, ജനിതകരോഗങ്ങളെയും വിളിച്ചുവരുത്തുന്ന പൈനാപ്പിൾ കൃഷി അപകടകരമാണെന്ന് വനംവകുപ്പ് വ്യക്തമാക്കിയിട്ടും, സ്വകാര്യ മുതലാളിമാർക്ക് വേണ്ടി പൈനാപ്പിൾ കൃഷി തുടരുകയാണ്. ബന്ധപ്പെട്ട വകുപ്പ് മന്ത്രി വസ്തുതാപരമായ വിവരങ്ങൾ മറച്ചുവെച്ച് നിയമസഭയെ തെറ്റിദ്ധരിപ്പിക്കുകയാണുണ്ടായത്.

**വനാവകാശ നിയമം നടപ്പാക്കുക.**

2006 ൽ കേന്ദ്രസർക്കാർ പാസ്സാക്കിയ വനാവകാശ നിയമം ദേശീയ തലത്തിൽ ആദിവാസികൾ നേടിയ ഒരു വിജയമാണ്. വനം വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കരുതെന്ന സുപ്രീം കോടതി നിരീക്ഷണത്തോടെ വനവാസികൾ ഇന്ത്യയിലെമ്പാടും കുടിയിറക്കപ്പെടുന്ന സ്ഥിതിയുണ്ടായി. ആദിവാസി സംഘടനകളെ യോജിപ്പിച്ചുകൊണ്ട് (Campaign Committee for Suvival & Dignity) തുടങ്ങിയ പ്രസ്ഥാനങ്ങളുടെ സംഘടിത നീക്കമാണ് സുപ്രീം കോടതി വിധിയെ മറികടക്കാൻ കഴിയുന്ന വനാവകാശ നിയമം നടപ്പാക്കുന്നതിന് പശ്ചാത്തലമൊരുക്കിയത്.

വനാവകാശ നിയമം നിലവിൽ വന്നതോടെ ഇന്ത്യയിലെമ്പാടും ആദിവാസികളുടെ വനാവകാശം അംഗീകരിക്കപ്പെടുകയും, വനസംരക്ഷണത്തിൽ ആദിവാസികളുടെ പ്രാദേശിക പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്തു. ആദിവാസികളുടെ വനാവകാശനിയമത്തെ കൈവശ ഭൂമിക്ക് പട്ടയം നൽകുന്ന നടപടിയായി സർക്കാർ ചുരുക്കിയിരിക്കുകയാണ്. സാമൂഹിക വനാവകാശം എന്ന അവകാശം ഇപ്പോഴും ഉൾക്കൊള്ളാൻ അധികാരികൾ തയ്യാറായിട്ടില്ല.

**സ്വകാര്യവൽക്കരണം അവസാനിപ്പിക്കുക**

ആറളം ഫാമിലെ ആദിവാസി ഭൂമി പൂർണ്ണമായും കണ്ണൂർ-വയനാട്-കാസർഗോഡ് ജില്ലകളിലെ ആദിവാസികൾക്ക് പതിച്ചുനൽകണം. ആദിവാസി ക്ഷേമത്തിന്റെ പേരിൽ നടത്തുന്ന വിഭവക്കൊള്ള അവസാനിപ്പിക്കാൻ ആറളം ഫാമിംഗ് കോർപ്പറേഷൻ പിരിച്ചുവിടുക മാത്രമാണ് പോംവഴി. കേന്ദ്ര സർക്കാർ കൈമാറിയ വനഭൂമി പതിച്ചു നൽകാൻ സുപ്രീംകോടതി ഇടക്കാല ഉത്തരവുള്ളതാണ്. ഭൂമി പതിച്ചു നൽകി പുനരധിവാസം തുടരണം.

**മുത്തങ്ങയിലെ ആദിവാസികൾക്ക് നീതി**

മുത്തങ്ങയിൽ കുടുയിറക്കപ്പെട്ടവരെ പുനരധിവസിപ്പിച്ചില്ലെന്ന് മാത്രമല്ല, ഹൈക്കോടതിയുടെയും മനുഷ്യാവകാശ കമ്മീഷന്റെയും വിധിയും നിർദ്ദേശവുമുണ്ടായിട്ടും കുടിയിറക്കപ്പെട്ടവർക്കും പരിക്കേറ്റവർക്കും നഷ്ടപരിഹാരം നൽകാനോ, പുനരധിവസിപ്പിക്കാനോ അധികാരികൾ തയ്യാറായിട്ടില്ല.

**പ്രത്യേക പാക്കേജ്, ആദിവാസിപദവി**

വികാസത്തിന്റെ വിവിധഘട്ടങ്ങളിലുള്ളവരാണ് കേരളത്തിലെ ആദിവാസികൾ. ബഹുദൂരം പിന്നിലുള്ളവരായ ചില ആദിവാസിവിഭാഗങ്ങളുമുണ്ട്. പണിയർ, അടിയർ തുടങ്ങിയവർ ഈ വിഭാഗത്തിൽ ഉൾപ്പെടും. പ്രസ്തുത വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി പുനരധിവസിപ്പിക്കേണ്ടതാണ്. അതോടൊപ്പം, ആദിവാസികളായിട്ടും വേടർ തുടങ്ങിയ ഗോത്രവർഗ്ഗങ്ങൾക്ക് ഇപ്പോഴും പട്ടികവർഗ്ഗ പദവിയില്ല.

**മാവോയിസ്റ്റ് ഭീഷണിയുടെ പേരിലുള്ള പോലീസ് രാജ് അവസാനിപ്പിക്കുക**

വാക്കുപാലിക്കുകയും ഭരണഘടനാബാധ്യത നിറവേറ്റുകയും ചെയ്യേണ്ട സർക്കാർ ആദിവാസികളുടെ ക്ഷേമപ്രവർത്തനത്തിൽ നിന്നും പിൻതിരിയുന്നു. മന്ത്രി ജയലക്ഷ്മിയുടെ വകുപ്പ് അപ്രസക്തമാകുന്നു. പകരം പോലീസ് സംവിധാനമാണ് ആദിവാസി ക്ഷേമം കൈകാര്യം ചെയ്യേണ്ടതെന്ന മിഥ്യാധാരണ സൃഷ്ടിക്കുന്നു. സർക്കാരിന്റെ ഈ നിലപാട് ദൂരവ്യാപകമായ വിപത്ത് വിളിച്ചുവരുത്തുന്നതാണ്. വനമേഖലയിലെ പോലീസ് രാജ് ആദിവാസി – വനമേഖലയിലെ മാഫിയാവത്ക്കരണത്തെ ശക്തിപ്പെടുത്തും. പുതിയൊരു പ്രതിരോധ പ്രസ്ഥാനം ഇപ്പോൾ പ്രസക്തമാണ്. ആദിവാസികൾക്ക് സർക്കാർ നൽകിയ വാക്കുപാലിക്കാൻ പൗരസമൂഹത്തിന്റെ ഇടപെടലുണ്ടാകണം. ■

**കോപ്പി കിട്ടുന്നില്ലേ???**

വരിസംഖ്യയടച്ചിട്ടും കേരളീയം കിട്ടുന്നില്ലെങ്കിൽ ഉടൻ വിളിക്കുക.

**9446586943, 9633958912**